

# ഘടികാരം

എപ്പോഴെന്നറിയില്ല,
ചുവരിലെ ഘടികാരം നിലച്ചിരിക്കുന്നു.
അതിന്റെ തളർന്ന കൈകൾ 'കാല-
ത്തെ' കണക്കാക്കുന്നില്ല.
അല്ലെങ്കിലും നേരവും കാലവും തന്റെ
കൈകളിലല്ലെന്ന് ഘടികാരം
കരുതിയിരിക്കാം!

**ഇബ്റാഹീം പൊന്നാനി**

# ഓർമയ്ക്ക്

പറന്നു ചെല്ലാനിനി
ഒരിടവും ബാക്കിയില്ല
പറയളന്നു കൂട്ടിയ
കലവറകളെല്ലാം
വേനൽച്ചൂടിൽ
കരിഞ്ഞുപോയി
കരുതിവെച്ച
എന്റെ തുലാമേഘവും
വരുന്ന ലക്ഷണമില്ല
എന്റെ ഓർമയ്ക്ക്
ഇതാ ഈ തൂവൽ
കരുതി വെച്ചാലും!



**പുത്തൂർ ഇബ്റാഹീംകുട്ടി**